**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **10-06-2021 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും, നിയന്ത്രണത്തിനുമായി സമഗ്ര നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും, നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരും എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമ നിർമ്മാണം കൊണ്ട് വരും എന്ന് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, ആരോഗ്യ പരിപാലനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞ സർക്കാർ നടപ്പിലാക്കി വന്ന സാഹചര്യത്തിൽ പ്രസ്തുത നിയമ നിർമ്മാണം കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായില്ല. ആവാസ് പദ്ധതി നടപ്പാക്കിയതിന് ശേഷം പ്രസ്തുത നിയമ നിർമ്മാണം പരിഗണിക്കാവുന്നതാണെന്ന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന അന്തർ സംസ്ഥാന അതിഥി തൊഴിലാളികളുടെ ക്ഷേമ രജിസ്ട്രേഷൻ കേരള ഓർഡിനൻസ് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരത്തിന് വിധേയമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട് . ഈ ഓർഡിനൻസിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിയമപരമായി നിർബന്ധമാക്കിയിട്ടുണ്ട്. ടി ഓർഡിനൻസ് നിയമമായി നടപ്പിലാക്കുമ്പോൾ എല്ലാ അതിഥി തൊഴിലാളികളുടേയും രജിസ്ട്രേഷൻ പ്രാവർത്തികമാകും. |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിനായി ബിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമ നിർമ്മാണം കൊണ്ട് വരും എന്ന് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, ആരോഗ്യ പരിപാലനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞ സർക്കാർ നടപ്പിലാക്കി വന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പ്രസ്തുത നിയമ നിർമ്മാണം കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായില്ല. ആവാസ് പദ്ധതി നടപ്പാക്കിയതിന് ശേഷം പ്രസ്തുത നിയമ നിർമ്മാണം പരിഗണിക്കാവുന്നതാണെന്ന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന അന്തർ സംസ്ഥാന അതിഥി തൊഴിലാളികളുടെ ക്ഷേമ രജിസ്ട്രേഷൻ കേരള ഓർഡിനൻസ് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരത്തിന് വിധേയമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട് . ഈ ഓർഡിനൻസിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിയമപരമായി നിർബന്ധമാക്കിയിട്ടുണ്ട്. ടി ഓർഡിനൻസ് നിയമമായി നടപ്പിലാക്കുമ്പോൾ എല്ലാ അതിഥി തൊഴിലാളികളുടേയും രജിസ്ട്രേഷൻ പ്രാവർത്തികമാകും. |

സെക്ഷൻ ഓഫീസർ